**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2335** 12.03.2020-ൽ മറുപടിയ്ക്ക്

**പിണവൂർക്കുടിയിൽ ട്രൈബൽ ഹോസ്റ്റൽ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ പിണവൂർക്കുടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | എ) | പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. |
| ബി) | പ്രസ്തുത ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്നും പ്രസ്തുത ഏജൻസി നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | ബി) | പ്രസ്തുത ഹോസ്റ്റൽ നിർമ്മാണത്തിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചിട്ടുള്ളത്.<br>2020 മാർച്ചിൽ ചേരുന്ന ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റെക്കമെന്റേഷനോടുകൂടി കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. |
| സി) | പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | സി) & ഡി) | കിഫ്ബിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ ഉടൻതന്നെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | പതിനാറിൽ അധികം ആദിവാസി കോളനികൾ ഉൾപ്പെട്ടതും ഇടുക്കി ജില്ലയുടെ അതിർത്തിയും ആയ | | |

| | | | |
|---|---|---|---|
| | കോതമംഗലം മണ്ഡലത്തിൽ പിണവൂർക്കുടിയിൽ എസ്.ടി. വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**